ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 03.01.2025** | പ്രധാന വാർത്തകൾ | **TIME 07.25 AM**

1.) രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ബംഗളൂരു നിംഹാൻസിന്റെ സുവർണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യ അതിഥിയായി പങ്കെടുക്കും.

**President Droupadi Murmu will be the chief guest at the Golden Jubilee celebrations of Bengaluru NIMHANS today.**

2.) പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ വിവിധ വികസന പദ്ധതികൾക്ക് തറക്കല്ലിടും; 1,700 ഓളം ഫ്ലാറ്റുകൾ ഉദ്ഘാടനം ചെയ്യും.

**Prime Minister Narendra Modi will lay the foundation stone for various development projects in New Delhi today; will inaugurate around 1,700 flats.**

3.) കുട്ടികളുടെ 31-മത് ദേശീയ ശാസ്ത്ര കോൺഗ്രസിന് മധ്യപ്രദേശിൽ ഇന്ന് തുടക്കമാകും.

**The 31st National Children's Science Congress will begin in Madhya Pradesh today.**

4.) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ¬രാജ്യം പത്ത് വർഷത്തിനിടെ നേടിയത് 36 ശതമാനം വളർച്ച.

**Employment generation registers 36 per cent growth during last ten years**

5.) 63-ാം സംസ്ഥാന സ്കൂൾ കലോത്സവത്തിന് നാളെ തിരുവനന്തപുരത്ത് അരങ്ങുണരും.

**The 63rd State School Kalolsavam will begin in Thiruvananthapuram tomorrow.**

6.) **ബോർഡർ - ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഓസ്ട്രേലിയയ്ക്കെതിരെ ഇന്ത്യയ്ക്ക് ബാറ്റിംഗ് തകർച്ച.**

**India's batting opening collapse against Australia in the final match of the Border - Gavaskar Trophy Test cricket series. President**

.

**************************************

## PREZ - GOLDEN JUBILEE CELEBRATION

രാഷ്ട്രപതി ദ്രൗപദി മുർമ്മു ഇന്ന് ബംഗളൂരു നിംഹാൻസിന്റെ സുവർണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യ അതിഥിയായി പങ്കെടുക്കും. സൈക്കാട്രി ബ്ലോക്ക്, സെൻട്രൽ ലബോറട്ടറി കോംപ്ലക്സ്, ഹോസ്റ്റൽ കെട്ടിടം എന്നിവ രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

ഉത്തര കർണാടകയിൽ സ്റ്റേറ്റ് ഓഫ് ആർട്ട് ക്യാൻസർ ആശുപത്രി രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

**************************************

## PM- DELHI PROJECTS

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിക്കും. അശോക് വിഹാറിൽ 1,700 ഓളം ഫ്ലാറ്റുകളുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. നവ്റോജി നഗറിലും, സരോജിനി നഗറിലുമായി രണ്ട് നഗര പുനർവികസന പദ്ധതികളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിക്കും. 300 കോടി രൂപ ചെലവിൽ ദ്വാരകയിൽ

നിർമിച്ച സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷന്റെ ഇൻ്റഗ്രേറ്റഡ് ഓഫീസ് കോംപ്ലക്സും ശ്രീ മോദി ഉദ്ഘാടനം ചെയ്യും. ഡൽഹി സർവകലാശാലയിൽ 600 കോടി രൂപയുടെ മൂന്ന് പദ്ധതികളുടെ നിർമാണത്തിനും തുടക്കം കുറിക്കും. നജാഫ്ഘട്ടിലെ റോഷൻപുരയിൽ വീർ സവർക്കറിൻ്റെ പേരിലുള്ള കോളേജിന് പ്രധാനമന്ത്രി തറക്കല്ലിടും.

****************************************

## EMPLOYMENT GENERATION

കഴിഞ്ഞ പത്ത് വർഷത്തിനിടെ രാജ്യം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ 36 ശതമാനം വളർച്ച നേടി. തൊഴിൽ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് 2014 മുതൽ 2024 വരെ 17 കോടിയിലധികം തൊഴിലവസരം സൃഷ്ടിച്ചു. ഒരു വർഷത്തിനിടെ രാജ്യത്ത് ഏകദേശം 4 കോടി 60 ലക്ഷം തൊഴിലവസരം സൃഷ്ടിക്കാനായെന്നും മന്ത്രാലയം അറിയിച്ചു. 2004 മുതൽ 2014 വരെ ഈ രംഗത്ത് ഏഴുശതമാനം വളർച്ച നേടിയെങ്കിൽ 2014-2024 കാലയളവിൽ 36 ശതമാനം വളർച്ച കൈവരിക്കാനായി. മോദി സർക്കാരിന്റെ കീഴിൽ കാർഷിക മേഖലയിൽ 19 ശതമാനവും ഉൽപ്പാദന മേഖലയിൽ 15 ശതമാനവും സേവന മേഖലയിൽ 36 ശതമാനവും തൊഴിലവസരങ്ങൾ വർദ്ധിച്ചു. തൊഴിലില്ലായ്മ നിരക്ക് 2017-18 ൽ ആറുശതമാനം ആയിരുന്നത് 2023-24 ൽ 3.2 ശതമാനമായി കുറഞ്ഞെന്നും മന്ത്രാലയത്തിന്റെ റിപ്പോർട്ടിലുണ്ട്.

****************************************

## AMIT SHAH (INTRO)

ജമ്മു കശ്മീരിൽ തീവ്രവാദ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനൊപ്പം ഭീകര ആവാസവ്യവസ്ഥ തകർക്കാനും കേന്ദ്രസർക്കാരിന് കഴിഞ്ഞതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ജമ്മുകശ്മീരിനെയും

ലഡാക്കിനെയും കുറിച്ചുള്ള പുസ്തകത്തിൻറെ പ്രകാശനം ന്യൂഡൽഹിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

****************************************

## CHILDREN SCIENCE CONGRESS

കുട്ടികളുടെ 31-മത് ദേശീയ ശാസ്ത്ര കോൺഗ്രസ് മധ്യപ്രദേശിൽ ഇന്ന് ആരംഭിക്കും. ഭോപ്പാലിൽ നാല് ദിവസത്തെ ശാസ്ത്ര കോൺഗ്രസ് മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ് ഉദ്ഘാടനം ചെയ്യും. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 700-ലധികം ബാലശാസ്ത്രജ്ഞരും അധ്യാപകരും പരിപാടിയിൽ പങ്കെടുക്കും.

****************************************

## SCHOOL YOUTH FESTIVAL

63-ാാം സംസ്ഥാന സ്കൂൾ കലോത്സവത്തിന് നാളെ തിരുവനന്തപുരത്ത് അരങ്ങുണരും. 25 വേദികളിലായി 249 ഇനങ്ങളിൽ പതിനൊന്നായിരത്തോളം പ്രതിഭകൾ മത്സരിക്കും. 5 ദിവസത്തെ കലോത്സവം നാളെ രാവിലെ സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പിന്നാലെ വേദികളിൽ മത്സരങ്ങൾ ആരംഭിക്കും. 25 സ്കൂളുകളിലായാണ് മത്സരാർഥികൾക്ക് താമസ സൗകര്യം ഒരുക്കിയിട്ടുള്ളത്.

****************************************

## SIVANKUTTY ( INTRO)

സംസ്ഥാന സ്കൂൾ കലോത്സവത്തിനായി വിവിധ ജില്ലകളിൽ നിന്നുള്ള സംഘങ്ങൾ തലസ്ഥാന നഗരിയിലേക്ക് എത്തി തുടങ്ങി. തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിലും

കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിലും സംഘാംഗങ്ങളെ സ്വീകരിക്കാനായി ഹെൽപ് ഡെസ്ക് ഒരുക്കിയിട്ടുണ്ട്. കലോത്സവത്തിന് എത്തുന്നവർക്കായി ഗതാഗത സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അറിയിച്ചു.

( വോയിസ്....)

****************************************

## ACTION AGAINST SCHOOLS

കേരള സ്കൂൾ കായികമേളയുടെ സമാപന ചടങ്ങ് അലങ്കോലപ്പെടുത്തുന്ന രീതിയിൽ പ്രതിഷേധം നടത്തിയ രണ്ട് സ്കൂളുകൾക്ക് വിലക്ക് ഏർപ്പെടുത്തി പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കി. മലപ്പുറം ജില്ലയിലെ തിരുനാവായ എൻ.എം.എച്ച്.എസ്.എസ്, എറണാകുളം ജില്ലയിലെ കോതമംഗലം മാർ ബേസിൽ എച്ച്.എസ്.എസ് എന്നീ സ്കൂളുകളെയാണ് വിലക്കിയത്. അടുത്ത വർഷത്തെ സംസ്ഥാന സ്കൂൾ കായികമേള മത്സരങ്ങളിൽ പങ്കെടുക്കുന്നതിനാണ് വിലക്ക്.

****************************************

## CRICKET – BGT TEST

ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന ടെസ്റ്റ് ആരംഭിച്ചു. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ഇന്ത്യയ്ക്ക് തുടക്കത്തിലെ വിക്കറ്റുകൾ നഷ്ടമായി. പത്ത് റൺ എടുത്ത് യശ്വസ്വി ജയ്സ്വാളും നാലു റൺ എടുത്ത് കെ എൽ രാഹുലും ഇരുപത് റൺ എടുത്ത ശുഭ്മാൻ ഗില്ലും പുറത്തായി.

ഒടുവിൽ വിവരം ലഭിക്കുമ്പോൾ ആദ്യ ഇന്നിംഗ്സിൽ ഇന്ത്യ 57 റണ്ണിന് മൂന്ന് വിക്കറ്റ് എന്ന നിലയിലാണ്. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഓസീസ് 2-1 ന് മുന്നിലാണ്.

**************************************

## ISL FOOTBALL

ഇന്നലെ കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ നടന്ന ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ മോഹൻ ബഗാൻ, സൂപ്പർ ജയൻ്റ് ഹൈദരാബാദ് എഫ്സിയെ 3-0 ത്തിന് പരാജയപ്പെടുത്തി. മോഹൻ ബഗാൻ 14 കളികളിൽ 10 വിജയങ്ങളുമായി പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനത്ത് തുടരുന്നു.

**************************************

## FENCING CHAMPIONSHIP (INTRO)

കണ്ണൂരിൽ നടക്കുന്ന 35- മത് ദേശീയ സീനിയർ ഫെൻസിങ് ചാമ്പ്യൻഷിപ്പ് ഇന്ന് സമാപിക്കും.

വിശദാംശങ്ങളുമായി ആകാശവാണി **കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

(വോയിസ്)

**************************************

## HOCKEY INDIA LEAGUE

ഇന്നലെ റൂർക്കേലയിൽ നടന്ന ഹോക്കി ഇന്ത്യ ലീഗിൽ യു.പി രുദ്രാസ് 3-0 ന് സൂർമ ഹോക്കി ക്ലബ്ബിനെ പരാജയപ്പെടുത്തി. ഇന്നത്തെ കളിയിൽ ഡ്രാഗൺസ് വേദാന്ത, കലിംഗ ലാൻസേഴ്സിനെ നേരിടും.

**************************************

## GUKESH ( INTRO)

2024 ലെ ദേശീയ കായിക പുരസ്കാരങ്ങൾ ഇന്നലെ പ്രഖ്യാപിച്ചു. ലോക ചെസ് ചാമ്പ്യൻ ഡി ഗുകേഷ്, ഷൂട്ടിങ്ങ് താരം മനു ഭാകർ, ഇന്ത്യൻ ഹോക്കി ടീം ക്യാപ്റ്റൻ ഹർമൻപ്രീത് സിംഗ് തുടങ്ങിയവർ ഖേൽരത്ന പുരസ്കാരം സ്വന്തമാക്കി. മുന്നോട്ടുള്ള പ്രയത്നങ്ങൾക്ക് പുരസ്കാരം പ്രചോദനമാകുമെന്ന് ഗുകേഷ് പ്രതികരിച്ചു.

(വോയിസ്...)

****************************************

## UPI TRANSACTIONS

ഏകീകൃത പണമടയ്ക്കൽ സംവിധാനം, യുപിഐ അഥവാ യൂണിഫൈഡ് പേയ്മെൻറ് ഇന്റർഫേസ് വഴി കഴിഞ്ഞ വർഷം ഡിസംബറിൽ മാത്രം ഏകദേശം 1,673 കോടി സാമ്പത്തിക ഇടപാടുകൾ നടന്നു. നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, എൻ.പി.സി.ഐ ആണ് ഇക്കാര്യം അറിയിച്ചത്. ഏകദേശം 23.25 ലക്ഷം കോടി രൂപയുടെ ഇടപാടുകളാണ് യു.പി.ഐ വഴി നടന്നത്.

****************************************

## RBI-2000 BANKNOTES

പ്രചാരത്തിലുണ്ടായിരുന്ന 2,000 രൂപ നോട്ടുകളുടെ 98.12 ശതമാനവും ബാങ്കുകളിലേക്ക് തിരികെയെത്തിയതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. 2024 ഡിസംബർ 31 ന് വ്യാപാരം അവസാനിച്ചത് വരെയുള്ള കണക്കുകൾ പ്രകാരം ഇനി 6,691 കോടി രൂപയുടെ 2,000 രൂപ നോട്ടുകളാണ് തിരികെ എത്താനുള്ളത്.

****************************************

## HOME AFFAIRS-PRISON MANUAL

ജയിലുകളിലെ ജാതിവിവേചനം തടയുന്നതിനായി കേന്ദ്ര സർക്കാർ മാതൃകാ ജയിൽ ചട്ടങ്ങൾ പരിഷ്കരിച്ചു. പ്രിസൺ മാനുവൽ 2016, മോഡൽ പ്രിസൺസ് ആൻറ് കറക്ഷണൽ സർവീസസ് ആക്ട് 2023 എന്നിവയിലാണ് പരിഷ്കാരം കൊണ്ടുവന്നത്. മതം അടിസ്ഥാനമാക്കിയുള്ള തരംതിരിവ് കർശനമായി തടയുന്നതിനാണ് ഭേദഗതി കൊണ്ടുവന്നത്.

****************************************

## COLD WAVE

ഉത്തരേന്ത്യയുടെ പല ഭാഗങ്ങളിലും അതി ശൈത്യം തുടരുന്നു. വടക്കു-കിഴക്കൻ മേഖലകളിലും ഹിമാചൽ പ്രദേശിലും മധ്യപ്രദേശിലും അടുത്ത 2 ദിവസങ്ങളിൽ രാത്രിയിലും രാവിലെയും മൂടൽമഞ്ഞ് അനുഭവപ്പെടാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

****************************************

## KALAWASTHA

കേരളത്തിൽ താപനില ഇന്ന് സാധാരണയെക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമായേക്കാം എന്നതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം.

****************************************

## MEA FISHERMEN

അതിർത്തിലംഘിച്ചെന്ന പേരിൽ പിടിയിലായ 95 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ വിട്ടയക്കുമെന്ന് ബംഗ്ലാദേശ്. മത്സ്യത്തൊഴിലാളികളെ ഞായറാഴ്ച ഇന്ത്യൻ തീരസംരക്ഷണ സേനയ്ക്ക് കൈമാറുമെന്നും ബംഗ്ലാദേശ് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യയിൽ പിടിയിലായ 90 ബംഗ്ലാദേശ് മത്സ്യത്തൊഴിലാളികളെ അന്ന് വിട്ടയക്കും.

************************************************************************